**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5349** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന്റെ വരവ് ചെലവ് വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന്റെ സർവ്വീസ് ഇതര വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയെന്നും ആ ഇനത്തിൽ ഇന്നേവരെ ആകെ എത്ര വരുമാനം ലഭിച്ചുവെന്നും വിശദമാക്കാമോ; | (എ) | KSRTC-SWIFTന് നിലവിൽ സർവീസിതര വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ച പണം ഉപയോഗിച്ചാണോ സ്വിഫ്റ്റ് ബസ്സുകൾ വാങ്ങിയിട്ടുള്ളത്; എങ്കിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രസ്തുത തുകയുടെ പലിശ നൽകുമോയെന്നും എങ്ങനെയാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് പണം തിരികെ നൽകുകയെന്നും എത്ര വർഷത്തിനുള്ളിൽ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ആർ.ടി.സി.യിലെ വാഹന വ്യൂഹങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ബസ്സുകൾ വാങ്ങുന്നതിന് സർക്കാർ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ചാണ് 116 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വേണ്ടി വാങ്ങിയത്. കൂടാതെ 50 ഇലക്ട്രിക് ബസ്സുകൾ KIIFB-യിൽ നിന്നുള്ള 57.5 കോടി രൂപയുടെ വായ്പ ഉപയോഗിച്ചാണ് വാങ്ങിയത്. സർക്കാർ ഉത്തരവ് പ്രകാരമാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ പേരിൽ ബസ്സുകൾ രജിസ്റ്റർ ചെയ്തത്. ആയതിനാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പലിശ നൽകേണ്ടതില്ല. |
| (സി) | കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റ് ബസ്സുകൾ വാങ്ങുന്നതിന് ആവശ്യമായ തുക കണ്ടെത്തിയത് ഏതെല്ലാം മാർഗ്ഗത്തിലൂടെയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2021-22 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ആർ.ടി.സി.യിലെ വാഹന വ്യൂഹങ്ങളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ബസ്സുകൾ വാങ്ങുന്നതിന് സർക്കാർ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ചാണ് 116 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വേണ്ടി വാങ്ങിയത്. കൂടാതെ 50 ഇലക്ട്രിക് ബസ്സുകൾ KIIFB-യിൽ നിന്നുള്ള 57.5 കോടി രൂപയുടെ വായ്പ ഉപയോഗിച്ചാണ് വാങ്ങിയത്. സർക്കാർ ഉത്തരവ് പ്രകാരമാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ പേരിൽ ബസ്സുകൾ രജിസ്റ്റർ ചെയ്തത്. ആയതിനാൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പലിശ നൽകേണ്ടതില്ല. |

| | | | |
|---|---|---|---|
| (ഡി) | ജീവനക്കാരുടെ ശമ്പളം, ബസ്സ് മെയിന്റനൻസ്, കെ.എസ്.ആർ.ടി.സി.യുടെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള വാടക തുടങ്ങി കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന്റെ ഇന്നുവരെയുള്ള ആകെ ചെലവ് തരം തിരിച്ച് വിശദമാക്കാമോ; | (ഡി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഡ്രൈവർ കം കണ്ടക്ടർ ജീവനക്കാരുടെ ശമ്പള ഇനത്തിൽ നാളിതുവരെ 1.54 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>മെയിന്റനൻസിന് ചെലവാകുന്ന തുക, സ്ഥലം ഉപയോഗിക്കുന്നതിനുള്ള വാടക, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നത് കെ.എസ്.ആർ.റ്റി.സി.യാണ്. എന്നാൽ, കെ.എസ്.ആർ.റ്റി.സി.യുടെ അക്കൗണ്ട്സ് 2015-16 മാത്രമെ പൂർത്തിയായിട്ടുള്ളൂ. ആയതിനാൽ മേൽ ചെലവുകൾ ഇനം തിരിച്ച് തയ്യാറാക്കിയിട്ടില്ല. |
| (ഇ) | കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന് നിലവിൽ എത്ര ബസ്സുകൾ ഉണ്ട്; പ്രസ്തുത ബസ്സുകളുടെ പെർമിറ്റ് ആരുടെ പേരിലാണ്; വ്യക്തമാക്കാമോ; | (ഇ) | KSRTC-SWIFTന് നിലവിൽ 116 ബസ്സുകൾ ഉണ്ട്. KSRTC-SWIFT ബസ്സുകളുടെ പെർമിറ്റ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, KSRTC-SWIFT Ltd-ന്റെ പേരിലാണ് എടുത്തിട്ടുള്ളത്. |
| (എഫ്) | കെ. എസ്. ആർ. ടി. സി. സ്വിഫ്റ്റിന്റെ എത്ര ബസ്സുകൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്; അപകടത്തിൽപ്പെട്ട ബസ്സുകളുടെ റിപ്പയർ പ്രവൃത്തിക്ക് എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ? | (എഫ്) | നാളിതുവരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ബസ്സുകൾ ചെറുതും വലുതുമായ 58 അപകടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഉള്ളതിനാൽ ഈ ബസ്സുകളുടെ ആക്സിഡന്റ് സംബന്ധമായ റിപ്പയറിങ്ങുകൾക്ക് ഡിപ്രീസിയേഷൻ ഒഴികെയുള്ള തുക ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് ലഭ്യമാകുന്നതാണ്. ഇതിന്റെ നടപടി ക്രമങ്ങൾ നടന്നു വരുന്നു. കൂടാതെ ഇൻഷ്വറൻസ് ക്ലെയിം നടത്താത്ത ചെറിയ അപകടങ്ങളിൽ ഉത്തരവാദികളായ ഡ്രൈവർമാരിൽ നിന്ന് നഷ്ടം ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ